## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2468

18.07.2011-ൽ മറുപടിയ്ക്ക്

### വയനാട് ജില്ലയിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
| എ. | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ വർഷം(2010-2011) വയനാട് ജില്ലയിൽ നടന്ന പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | എ. | ഉണ്ട്. |
| ബി. | പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗനയിലുള്ളതെന്ന് വ്യക്തമാക്കുമോ ; | ബി. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് ജില്ലയിൽ 2009-10 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2010-11 സാമ്പത്തിക വർഷത്തിൽ ആകെ തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം, സൃഷ്ടിച്ച മനുഷ്യാധ്വാനദിനങ്ങൾ, ചെലവഴിച്ച തുക എന്നിവയിൽ കുറവു വന്നിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി തൊഴിൽ നൽകുന്നതിലെ പോരായ്മ, തൊഴിലാളികൾക്ക് വേതനം നൽകുന്നതിലുണ്ടാകുന്ന കാലതാമസം, മെയ്റ്റുകളുടെ ചുമതല നിർവ്വഹണത്തിലെ വീഴ്ചകൾ, മസ്റ്റർ റോളിലെ അപാകതകൾ തുടങ്ങിയ പോരായ്മകളും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിന് ആവശ്യമായ പൊതുനിർദേശങ്ങൾ നൽകിയിട്ടുണ്ട്. |
| സി. | വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ ഉണ്ടായ വീഴ്ചകളെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | സി. | അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. (റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു) |

സെക്ഷൻ ഓഫീസർ.

നം. 3543/മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി. സെൽ.6/11/സി.ആർ.ഡി

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
## അന്വേഷണ റിപ്പോർട്ട്

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ അധികാര ദുർവിനിയോഗം നടന്നു എന്നതു സംബന്ധിച്ച്.

വയനാട് ജില്ലയിലെ കല്പറ്റ ബ്ലോക്കിൽപ്പെട്ട കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ നടന്നതായി ആരോപിക്കപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്ന് തദ്ദേശ സ്വയംഭരണ (ഇ.പി.ബി.3) വകുപ്പിന്റെ 29.01.2011 ലെ 57475/ഇ.പി.ബി3/2009/തസ്വഭവ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് സംസ്ഥാന മിഷൻ ഡയറക്ടറുടെ 14.02.2011 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2011 മാർച്ച് മാസം 15-ാം തീയതി മുതൽ 18-ാം തീയതി വരെ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ താഴെപ്പറയുന്നു.

(2) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ പഞ്ചായത്ത്അധികൃതർ അഴിമതി നടത്തുന്നതിന് ബോധപൂർവ്വമായ ശ്രമം നടത്തിയിരിക്കുന്നു. അതിനുള്ള ഉപാധിയായി പദ്ധതിയിൽ സാധനഘടകം ഉൾപ്പെടുത്തുന്നതിന് തീരുമാനമെടുക്കുന്നു. 27.01.2009 ൽ നടന്ന പഞ്ചായത്തു കമ്മിറ്റി യോഗത്തിന്റെ 12/2009 (2) നമ്പർ തീരുമാനം ഇപ്രകാരമാണ്.

Pl flag X

**തീരുമാനം:** ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2008-09 വർഷം നടപ്പാക്കിയ പ്രവൃത്തികൾക്ക് ചെലവഴിച്ച തുകയുടെ 40% തുക വകയിരുത്തി നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രകാരം ആവശ്യമായി വരുന്ന സാധനസാമഗ്രികൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിന് തീരുമാനിച്ചു.

അതേ ദിവസം തന്നെ 12/09 (3) -ാം നമ്പർ തീരുമാനം ഇതാണ്;-

Pl flag X

**തീരുമാനം:** ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2008-09 വർഷം നടപ്പാക്കിയ പ്രവൃത്തികൾക്ക് ചെലവഴിച്ച തുകയുടെ 40% തുക വകയിരുത്തി നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രകാരം ആവശ്യമായി വരുന്ന സാധനസാമഗ്രികൾ വാങ്ങുന്നത് സംബന്ധിച്ച മേൽനോട്ടം നടത്തുന്നതിനും അനുബന്ധമായുണ്ടാവുന്ന മറ്റു കാര്യങ്ങൾ തീരുമാനമെടുക്കുന്നതിനും താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഉപസമിതി (പർച്ചേസ് കമ്മിറ്റി) രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

1. പഞ്ചായത്ത് പ്രസിഡന്റ്, ചെയർപേഴ്സൺ

2. പഞ്ചായത്ത് സെക്രട്ടറി

3. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

4. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടത്തറ

5. അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി

6. ശ്രീ. കെ. പോൾ, മെമ്പർ, കോട്ടത്തറ ഗ്രാമപഞ്ചായത്ത്

7. ശ്രീ.മധു.എസ്. നമ്പൂതിരി, വൈസ് പ്രസിഡന്റ്, കോട്ടത്തറ ഗ്രാമപഞ്ചായത്ത്

(3) അതനുസരിച്ച് 07.02.2009 ന്റെ ക്വട്ടേഷൻ നോട്ടീസ് 11.02.2009 ലെ ദേശാഭിമാനി പത്രത്തിൽ പ്രസിദ്ധീകരിച്ചു. 20.02.2009 വെള്ളിയാഴ്ച 3 മണിവരെയാണ് ക്വട്ടേഷൻ സ്വീകരിക്കുന്നതെന്നും അന്നുതന്നെ തുറന്നു പരിശോധിക്കുന്നതാണെന്നും പരസ്യപ്പെടുത്തിയിരുന്നു. അതനുസരിച്ച് 20.02.2009 ന് ശ്രീ.അരീക്കൽ അബൂബക്കർ, കെ.ജി. ജോൺസൺ എന്നീ രണ്ട്പേർ ക്വട്ടേഷൻ നൽകിയതായി കാണുന്നു. ഇതിൽ അരീക്കൽ അബൂബക്കർമാത്രമാണ് ഇ.എം.ഡി നൽകിയത്. ശ്രീ.കെ.ജി. ജോൺസൺ വെള്ള പേപ്പറിൽ നിരക്ക് മാത്രം കാണിച്ച് ഒരു കത്ത് നൽകി. അതനുസരിച്ച് 20.02.2009 ന് കൂടിയ പർച്ചേസ് കമ്മിറ്റി ശ്രീ.അരീക്കൽ അബുബക്കർ നൽകിയ നിരക്കുകൾ അംഗീകരിച്ച് ശുപാർശ നൽകിയതായി രേഖയുണ്ടാക്കി. പ്രസ്തുത ശുപാർശ 21.02.2009 ലെ ഗ്രാമപഞ്ചായത്തു കമ്മിറ്റിയിൽ അവതരിപ്പിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അരീക്കൽ അബുബക്കറുടെ ക്വട്ടേഷൻ അംഗീകരിക്കുകയും കൂടിയ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.കെ.ജി. ജോൺസൺന്റെ ക്വട്ടേഷൻ നിരസിക്കുകയും ചെയ്തു. ഇത്രയും കാര്യങ്ങൾ ഫയലിൽ കാണുന്നുവെങ്കിലും ഇതെല്ലാം വ്യാജരേഖകളാണെന്ന് കണ്ടെത്തി. ഇതിന്റെ വിശദാംശങ്ങൾ ഇവയാണ്

I. പർച്ചേസ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചപ്പോൾ കണ്ടത് പർച്ചേസ് കമ്മിറ്റി കൂടിയത് 18.02.2009 ന് ആയിരുന്നു എന്നാണ്. എന്നാൽ ക്വട്ടേഷൻ ലഭിക്കുന്നതിനും 2 ദിവസം മുമ്പ് പർച്ചേസ് കമ്മിറ്റി നിരക്കുകൾ ചർച്ച ചെയ്ത് തീരുമാനിച്ചു.

II. ശ്രീ. കെ.ജി. ജോൺസൺന്റെ ക്വട്ടേഷനോടൊപ്പം ഇ.എം.ഡിയും പ്രിലിമിനറി എസ്റ്റിമേറ്റും ഇല്ലാതിരുന്നിട്ടും ക്വട്ടേഷൻ നിരസിച്ചതായി കാണുന്നില്ല.

III. ലക്ഷക്കണക്കിന് രൂപയുടെ വാങ്ങൽ നടത്തുമ്പോൾ വെള്ളപേപ്പറിലെ ക്വട്ടേഷൻ മതിയാകില്ല. ഇരുപതിനായിരം (20,000/-) രൂപയിൽ കൂടുതലുള്ള വാങ്ങലിന് ടെണ്ടർ ക്ഷണിക്കേണ്ടിയിരുന്നു. അതനുസരിച്ച് ഖജനാവിന് ലഭിക്കേണ്ട ടെണ്ടർ ഫോറത്തിന്റെ വില, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയെല്ലാം പൊതു ഖജനാവിന് നഷ്ടമാക്കി.

IV. 18.02.2009 ന് പഞ്ചായത്തു കമ്മിറ്റി (പർച്ചേസ്) എത്ര രൂപയ്ക്ക് സാധനം വാങ്ങണമെന്ന് മുൻകൂട്ടി തീരുമാനിക്കുന്നു ആ തീരുമാനം അനുസരിച്ച് 20.02.2009ന് ശ്രീ.അരീക്കൽ അബൂബക്കർ എന്ന വ്യക്തിയിൽ നിന്നും ക്വട്ടേഷൻ വാങ്ങുന്നു. ഇതിലെ കൃത്രിമം മറയ്ക്കുന്നതിന് (സിംഗിൾ ക്വട്ടേഷൻ അല്ലെന്നു വരുത്തുന്നതിന്) അഡ്രസ്സും വിവരങ്ങളും ലഭ്യമല്ലാത്ത ഒരു ജോൺസൺ എന്നയാളിന്റെ പേരിലും ക്വട്ടേഷൻ തയ്യാറാക്കി വയ്ക്കുന്നു.

V. പർച്ചേസ് കമ്മിറ്റിയിൽ എൽ.എസ്.ജി.ഡി എഞ്ചിനീയർ പങ്കെടുത്തിട്ടില്ല. പകരം കമ്മിറ്റി അംഗമല്ലാത്ത എൻ.ആർ.ഇ.ജി.പി ഓവർസിയർ പങ്കെടുത്തതായി കാണുന്നു.

VI. പഞ്ചായത്തുരേഖകളിൽ പർച്ചേസ് കമ്മിറ്റി കൂടിയത് 18.02.2009 ന് ആണെന്ന് കാണുന്നുണ്ടെങ്കിലും ഫയലിൽ പർച്ചേസ് കമ്മിറ്റി 20.02.2009 ന് കൂടിയതായുള്ള മിനിറ്റ്സ് വ്യാജമായി ചമച്ച് സൂക്ഷിച്ചിരിക്കുന്നു.

VII. കോട്ടത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (വികസനം) സെക്രട്ടറിഎന്നിവർ ചേർന്ന് നടത്തിയ അധികാര ദുർവിനിയോഗമാണ് മേൽപറഞ്ഞ വ്യാജരേഖചമച്ച് പൊതു സംവിധാനത്തെ തെറ്റിദ്ധരിപ്പിച്ചിട്ടുള്ളത്.

VIII. ആർ.സി.സി. പൈപ്പുകൾ വാങ്ങുന്ന കാര്യം പർച്ചേസ് കമ്മിറ്റി ചർച്ചചെയ്യുകയോ തീരുമാനിക്കുകയോ ചെയ്തിട്ടില്ലെങ്കിലും പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് തീരുമാനം ഇല്ലാത്തകാര്യം പർച്ചേസ് കമ്മിറ്റി തീരുമാനമായി എഴുതി ചേർത്തു

IX. പർച്ചേസ് കമ്മിറ്റിയെ നിയോഗിച്ച ശേഷം ആ കമ്മിറ്റിയുടെ രേഖാപരമായ അംഗീകാരമില്ലാതെ നടത്തുന്ന ഒരു വാങ്ങലിനും നിയമ സാധുതയില്ല.

X. എൻ.ആർ.ഇ.ജി.എ മാർഗനിർദ്ദേശം അനുസരിച്ച് ഒരോ ഗ്രാമപഞ്ചായത്തും നിരക്ക് നിശ്ചയിച്ചു കഴിഞ്ഞാൽ ബന്ധപ്പെട്ട ബ്ലോക്ക്-ജില്ലാതലങ്ങളിൽ നിന്നും അതിന് അംഗീകാരം നേടിയിരിക്കണം. ഇവിടെ പഞ്ചായത്ത് അധികൃതർ അവരുടെ അധികാര പരിധിയിൽപെടാത്ത വിഷയം തീരുമാനിക്കുകയായിരുന്നു.

XI. 2009 ജനുവരിയിൽ സാധനം വാങ്ങാൻ തീരുമാനിക്കുമ്പോഴോ, ടെണ്ടർ ക്ഷണിക്കുമ്പോഴോ ഈ പദ്ധതികൾക്ക് ഭരണാനുമതിയോ, സാങ്കേതികാനുമതിയോ ലഭിച്ചിരുന്നില്ല. 1213750/- രൂപ കരാറുകാരന് നൽകിയ 31.03.2009 വരെയും പദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ചിരുന്നില്ല. ഭരണാനുമതിയും സാങ്കേതികാനുമതിയും ഇല്ലാത്ത പ്രവൃത്തികൾക്ക്

സാധനം വാങ്ങിയതും പണം നൽകിയതും അഴിമതിയ്ക്കും ധൂർത്തിനും വഴിയൊരുക്കുന്ന അധികാര ദുർവിനിയോഗമാണ്.

(4) 24.02.2009 ലെ ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെഎ2-3622/06 നമ്പർ പർച്ചേസ് ഓർഡർ അനുസരിച്ച് ശ്രീ. അരീക്കൽ അബുബക്കർ 25.02.2009 ന് പഞ്ചായത്തു സെക്രട്ടറിയുമായി കരാറിലേർപ്പെട്ടു. ഇതനുസരിച്ച് ശ്രീ. അരീക്കൽ അബുബക്കറിന് 16.03.2009 ന് 212580/ (രണ്ടു ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ്റി എൺപത് രൂപ) രൂപയും 30.03.2009 ന് 366170 രൂപയും 31.03.2009 ന് 635000/- (ആറ് ലക്ഷത്തി മുപ്പത്തി അയ്യായിരം) അടക്കം ആകെ 1213750/- രൂപ നൽകുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ടരേഖകൾ പരിശോധിച്ചതിൽ പല ക്രമക്കേടുകളും കണ്ടെത്തി. 16.03.2009 ന് ശ്രീ. അരീക്കൽ അബൂബക്കർ തുക ആവശ്യപ്പെട്ട് അപേക്ഷ നൽകുന്നു. അന്നു തന്നെ രൂപ 212580/- നൽകുന്നു. ഇതിന് ഉപോൽബലകമായി ഓവർസിയർ/ എഞ്ചിനീയർ മെഷർമെന്റ് എടുത്ത് രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരനും പഞ്ചായത്ത് മെമ്പർമാരും നൽകിയ കണക്കനുസരിച്ച് 1 ടിപ്പർ ലോഡ് - 4 m3 എന്ന കണക്കിൽ പണം നൽകി. ഇപ്രകാരം പണം നൽകുന്നതിന് പഞ്ചായത്തു കമ്മിറ്റിയുടെ അംഗീകാരം തേടിയിരുന്നില്ല. പഞ്ചായത്തുപ്രസിഡന്റും സെക്രട്ടറിയും മാത്രമേ ഇക്കാര്യം അറിഞ്ഞിരുന്നുള്ളൂ. ഇതിനു ശേഷം 29.03.2009 ന് നൽകിയ അപേക്ഷയിൽ 30.03.2009 ന് കൂടിയ ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനപ്രകാരം 366170/- രൂപ നൽകി. ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം പൂർത്തിയായ പണിക്ക് സാധനം നൽകിയതിന് 194636/- രൂപയും പൂർത്തിയാക്കി വരുന്ന പണിക്ക് സാധനം നൽകിയത് 384114/- രൂപയും വിലവരുമെന്നും ആകെ ആവശ്യമുള്ള 983893.75/- രൂപയുടെ സാധനങ്ങളിൽ 706214.25/- രൂപയുടെ സാധനം നൽകിയിട്ടുണ്ടെന്നും പറയുന്നു. ഇതിൽ പൂർത്തിയായ പണികൾക്കുള്ള സാധനവിലയായ 194636/- രൂപയും തുടർന്നു വരുന്ന പ്രവൃത്തികളുടെ ആവശ്യത്തിന് നൽകിയ സാധനങ്ങളുടെ വിലയായ 384114/- രൂപയുടെ 90% രൂപ നൽകാൻ തീരുമാനിച്ചപ്പോൾ പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് ആദ്യം സൂചിപ്പിച്ച 194636/- രൂപയും 384114/- രൂപയുടെ 90% ന് പകരം മുഴുവൻ തുകയും ചേർത്ത് 578750/-(അഞ്ചുലക്ഷത്തി എഴുപത്തിഎട്ടായിരത്തി എഴുനൂറ്റി അമ്പത്) രൂപയുടെ ബിൽ തയ്യാറാക്കി. അതിൽ നിന്നും 16.03.2009 ന് നൽകിയ 212580/- രൂപ കഴിച്ച് ബാക്കി വന്ന 366170/- രൂപയും നൽകി. അതിനുശേഷം നൽകേണ്ട 127464/- രൂപയുടെ 90% നൽകുന്നതിനു പകരം 31.03.2009 ന് 635000/- രൂപ ( ആകെ തുകയായ 706214/- രൂപയുടെ 90%) വീണ്ടു നൽകി. അങ്ങിനെയാണ് 31.03.2009 വരെ 1213750/- നൽകാൻ ഇടവന്നത്. ഇത്രയും വലിയ തുക നൽകേണ്ടിയിരുന്നത്. അക്കൗണ്ട് പേയീ ചെക്കായിട്ടാണ് നൽകേണ്ടിയിരുന്നത്. എന്നാൽ ആർക്കും മാറാൻ കഴിയുന്ന അക്കൗണ്ട് പേയീ അല്ലാത്ത ചെക്കാണ് നൽകിയിരിക്കുന്നത്.

(5) ഓവർസിയറുടെ റിപ്പോർട്ടും പഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനവും ലംഘിച്ച് ഇല്ലാത്ത സാധനങ്ങൾക്ക് അധികമായി തുക നൽകിയിരിക്കുകയാണ്. ഇതുമൂലം തൊഴിലുറപ്പ് ഫണ്ട് അനധികൃതമായും അനർഹമായും ചെലവഴിച്ചിരിക്കുന്നു എന്നു അനുമാനിക്കാം. ഇതിന് കോട്ടത്തറ ഗ്രാമപഞ്ചായത്തു പ്രസിഡന്റും സെക്രട്ടറിയും ഒരുപോലെ ഉത്തരവാദികളാണ്. എൻ.ആർ.ഇ.ജി. ഓവർസിയറുടെ റിപ്പോർട്ടുംവസ്തുതാപരമല്ല. ഓവർസിയർ സ്ഥലത്തുപോയി സ്റ്റോക്കിന്റെ അളവെടുത്തല്ല സാധനത്തിന്റെ അളവ് തയ്യാറാക്കുന്നത്. ഗ്രാമപഞ്ചായത്തു മെമ്പർമാർ നൽകുന്ന ലോഡിന്റെ കണക്കിനെ 4 കൊണ്ട് ഗുണിച്ചാണ് അളവ് കണക്കാക്കുന്നത്. (1 ടിപ്പർ ലോഡ് 4 m3 എന്ന കണക്കിൽ) എന്നിട്ടും കരാറുകാരൻ ആവശ്യപ്പെട്ടതിലും ഓവർസിയർ നൽകിയ കണക്കിലും കൂടുതൽ തുകയാണ് യഥാർത്ഥത്തിൽ നൽകിയിരിക്കുന്നത്.

P81 - 96 ലക്ഷ P113 - 154 ലക്ഷ

(6) കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള മുഴുവൻ വിദഗ്ധ പണികളും കോൺട്രാക്ടർ ആണ് ചെയ്യുന്നത്. ശ്രീ. എം. ഗിരീഷ്, മേനോത്ത്, നെല്ലിമുണ്ട, മേപ്പാടി എന്നയാളാണ് കരാർ എടുത്തിരിക്കുന്നത്. ഇതിനുവേണ്ടി വിദഗ്ധ തൊഴിലാളികളുടെ പേരിൽ വ്യാജമായി മസ്റ്റർ റോളുകൾ തയ്യാറാക്കുന്നു. ഓരോ പ്രവൃത്തിയുടെയും വിദഗ്ധ തൊഴിലാളികളുടെ വേതനം ചെക്കായി (ക്രോസ് ചെയ്യാറില്ല) കരാറുകാരനായ ശ്രീ. ഗിരീഷിനാണ് നൽകുന്നത്. വിദഗ്ധ തൊഴിലാളികളുടെ മസ്റ്റർറോൾ വ്യാജമായി തയ്യാറാക്കുക മാത്രമല്ല, മസ്റ്റർ റോളിൽപ്പോലും ഒപ്പിടാത്തവർക്കു കൂടി വേതനം നൽകിയതായി കാണുന്നു.

ഉദാ: കുഴിവയൽ മുണ്ടുകുറ്റി റോഡ് സൈഡ് കെട്ട് മസ്റ്റർ റോൾ നമ്പർ 2534

P124 ലക്ഷ

പണി നടന്ന തീയതി 05.11.2009 മുതൽ 14.11.2009 വരെ 8 ദിവസം 14 പേരുള്ള റോളിൽ 5-ാമതായി കാണുന്ന പേര് ശ്രീ. ഗിരീഷിന്റെതാണ്. എന്നാൽ ശ്രീ. ഗിരീഷ് ഒരു ദിവസം പോലും മസ്റ്റർ റോളിൽ ഒപ്പിട്ടിട്ടില്ല. പക്ഷേ, 8 ദിവസത്തെ വേതനമായി 2096/- രൂപ നൽകിയിരിക്കുന്നു.

(7) കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ വ്യാപകമായി വ്യാജ എസ്റ്റിമേറ്റ് തയ്യാറാക്കി ഒരേ പ്രവൃത്തി തന്നെ പഞ്ചായത്തിൻെറ വികസന ഫണ്ടുപയോഗിച്ചും തൊഴിലുറപ്പ് ഫണ്ടുപയോഗിച്ചും നടത്തിയിരിക്കാനുള്ള സാധ്യതയുണ്ട്. ചില പ്രവൃത്തികളുടെ പേര് ചുവടെ നൽകുന്നു. ഇവയെപ്പറ്റി കൂടുതൽ വിശദമായ അന്വേഷണം ആവശ്യമാണ്.

(എ) പൊന്നാലക്കുന്ന് മൈലാടി നടപ്പാത സൈഡ് കെട്ട്

(ബി) കുറുമണി റോഡ് സോളിംഗ്

(സി) കൊളക്കിമൊട്ടം കുന്ന് റോഡ് സോളിംഗ്

(ഡി) കൊളക്കിമൊട്ടം കുന്ന് റോഡ് സൈഡ് കെട്ട്

( ഇ) കുഴിവയൽ മുണ്ടുകുറ്റി റോഡ് സൈഡ് കെട്ടൽ

(എഫ്) മൈലാടി ജൂബിലിപാലം റോഡ് സോളിംഗ്

(ജി) ആനേരി അംഗൻവാടി റോഡ് സോളിംഗ്

D95 at X

(8) 903213/- രൂപയ്ക്ക് പൈപ്പ് വാങ്ങിയതായി കാണുന്നു. എന്നാൽ 16.03.2009 ന് 450 mm ന്റെ 28 പൈപ്പും, 600 mm ന്റെ 124 പൈപ്പും, 900 mm ന്റെ 15 പൈപ്പും വേണമെന്ന് ഓർഡർ കൊടുക്കുന്നു. ഓർഡർ കൊടുത്തപ്പോൾ ആവശ്യമുള്ള പൈപ്പിന്റെ നീളം പറഞ്ഞിരുന്നില്ല. വീണ്ടും 25.03.2009 ന് 372.5 m പൈപ്പ് ആവശ്യമുണ്ടെന്നും അത് സപ്ളൈ ചെയ്യണമെന്നും ആവശ്യപ്പെട്ടിരുന്നു. യഥാർത്ഥത്തിൽ എത്ര പൈപ്പ് വേണമെന്ന് പഞ്ചായത്തിന് ധാരണയുണ്ടായിരുന്നില്ല. എത്ര പൈപ്പ് ലഭ്യമായി എന്നകാര്യം എം ബുക്കിലോ മറ്റേതെങ്കിലും രജിസ്റ്ററിലോ റിക്കാർഡു ചെയ്തിട്ടില്ല. എത്ര പൈപ്പ് സ്റ്റോക്കിൽ വന്നു എന്നോ എത്ര എണ്ണം വിതരണം ചെയ്തുവെന്നോ കണക്കില്ല. പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ ഇപ്പോഴും റോഡിന്റെ വശങ്ങളിൽ പൈപ്പ് അലക്ഷ്യമായി ചിതറി ഇട്ടിരിക്കുന്നതായി കാണുന്നുണ്ട്.

D103-104 at X
D105 at X
D107 at X

D101 at X

(9) 29.03.2009 ന് റെയ്ഡ്കോ തയ്യാറാക്കിയ ബിൽ 28.03.2009 ന് തന്നെ റെയ്ഡ്കോ മാനേജർ പഞ്ചായത്തു സെക്രട്ടറിക്ക് നൽകിയതായി കാണുന്നു. ഈ രേഖകൾ പരിശോധിച്ചാൽ ഇതിലും ക്രമക്കേട് വ്യക്തമാണെന്നു കാണാം. 29.03.2009 ന് തയ്യാറാക്കി 28.03.2009 ന് പഞ്ചായത്തു സെക്രട്ടറിക്ക് സമർപ്പിച്ച ബിൽ 30.03.09 ന് തന്നെ പഞ്ചായത്ത് കമ്മിറ്റി പാസാക്കി അന്നുതന്നെ ചെക്ക് നൽകിയതിന്റെ തിടുക്കം തന്നെ ഈ ഇടപാടിനെ സംശയത്തിന്റെ നിഴലിൽ നിർത്തുന്നു. D100 at X

(10) 31.03.2009 വരെ കല്ലിന്റെയും മെറ്റലിന്റെ വിലയായി നൽകിയ 1213750/- രൂപയും പൈപ്പിന് നൽകിയ 903213/- രൂപയും അടക്കം 2113963/- രൂപ 31.03.2009 വരെ ചെലവഴിച്ചെങ്കിലും പ്രസ്തുത പണികൾ ചെയ്തതായി രേഖകളുണ്ടാക്കിയിരിക്കുന്നതും 2009 അവസാനപാദത്തിലാണ്.

<u>കണ്ടെത്തലുകളും നിഗമനങ്ങളും</u>

1. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കാത്ത പ്രവൃത്തികൾക്ക് സാധനം വാങ്ങുന്നതിന് തീരുമാനിച്ചതും, പർച്ചേസ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയതും ടെണ്ടർ ക്ഷണിച്ചതും അധികാര ദുർവിനിയോഗവും അഴിമതിയുമാണ്
2. 20.02.2009 വരെ ടെണ്ടർ സമർപ്പിക്കുന്നതിന് സമയം നൽകിയിരുന്നിട്ടും 18.02.2009 ന് തന്നെ ലഭിക്കാത്ത ക്വട്ടേഷനിലെ നിരക്കുകൾ അംഗീകരിച്ചതും ഇല്ലാത്ത ക്വട്ടേഷൻ റേറ്റ് കൂടുതലാണെന്ന് പറഞ്ഞ് നിരസിച്ചതും ക്രിത്രിമരേഖ ചമയ്ക്കലാണ്.

3. 20.022009 ന് ശ്രീ. അരീക്കൽ അബൂബക്കറുടെ ക്വട്ടേഷനിൽ മാത്രമേ ഇ.എം.ഡി ഉണ്ടായിരുന്നുള്ളൂ എന്നിരിക്കെ ഇ.എം.ഡിയോ മറ്റ് രേഖകളോ മാത്രമല്ല കൃത്യമായ മേൽവിലാസം പോലുമില്ലാത്ത ശ്രീ. ജോൺസൺന്റെ ക്വട്ടേഷൻ അംഗീകരിച്ചത് നീതികരിക്കാവുന്നതല്ല.

4. 25 ലക്ഷം വരെ അടങ്കൽ തുകയുള്ള പർച്ചേസിന് ടെണ്ടർ ക്ഷണിക്കാതിരിക്കുക, ടെണ്ടർ ഫോം വില്ക്കാതിരിക്കുക, സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങാതിരിക്കുക, തുടങ്ങിയ ക്രമവിരുദ്ധമായ നടപടികളിലൂടെ പൊതു ഖജനാവിന് നഷ്ടവും കരാറുകാർക്ക് അനധികൃത നേട്ടവും നേടികൊടുത്തു.

5. പഞ്ചായത്തുതലത്തിൽ നിരക്കുകൾ നിർദ്ദേശിച്ചാൽ അത് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെയും ജില്ലാ പ്രോഗ്രാം കോർഡിനേറ്ററായ ജില്ലകളക്ടറുടെയും അനുമതിയോടുകൂടി മാത്രമേ പ്രാബല്യത്തിൽ വരുത്താവൂവെന്ന് നിർദ്ദേശം ഉണ്ടായിരിക്കേ കോട്ടത്തറ പഞ്ചായത്തു കമ്മിറ്റി ഏകപക്ഷീയമായി നിശ്ചയിച്ച നിരക്കുകൾക്ക് സാധുതയില്ല.

6. സാധനങ്ങൾ സൈറ്റിൽ ലഭ്യമായി എന്ന് ഉറപ്പു വരുത്താതെയും അളവെടുത്ത് സ്റ്റോക്ക് രേഖപ്പെടുത്താതെയും ഗുണനിലവാരം ഉറപ്പുവരുത്താതെയും 21 ലക്ഷത്തിലധികം രൂപ ചെലവഴിച്ചത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്.

7. 7 ലക്ഷത്തിലധികം രൂപയുടെ കല്ലും ചല്ലിയുംമാത്രം മതിയെന്ന് ഓവർസിയറുടെ റിപ്പോർട്ട് ഉണ്ടായിരുന്നിട്ടും 12 ലക്ഷത്തിലധികം രൂപ നൽകിയതും പൈപ്പുകൾ ലഭിച്ചുവെന്ന് ഉറപ്പുവരുത്താതെ 9 ലക്ഷത്തിലധികംരൂപ നൽകിയതും പൊതു ഫണ്ടിന്റെ ദുർവിനിയോഗവും കരാറുകാരുമായി ചേർന്ന് നടത്തിയ സ്വാർത്ഥ ലാഭത്തിനുവേണ്ടിയുള്ള അഴിമതിയുമാണ്.

8. 31.03.2009 ന് ശേഷവും ശ്രീ.അരീക്കൽ അബൂബക്കറിന് 2,24,433/- രൂപ ( രണ്ടു ലക്ഷത്തി ഇരുപത്തിനാലായിരത്തി നാനൂറ്റി മുപ്പത്തിമൂന്ന് രൂപ) നൽകിയതായി കാണുന്നു. ഈ തുകയും നൽകിയതിന് യാതൊരു നീതികരണവും കാണുന്നില്ല.

9. വിദഗ്ദ്ധ തൊഴിലാളികളുടെ മസ്റ്റർറോളുകൾ വ്യാജമായി നിർമ്മിക്കുകയും കരാറുകാരനായ ശ്രീ.ഗിരിഷീന്റെ ഒപ്പു പോലും മസ്റ്റർ റോളിൽ ചേർക്കാതെ അനധികൃതമായി പണം നൽകുന്നു. വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം മുഴുവൻ ഒരു ഗിരീഷിന് ചെക്കായി നൽകുന്നത് അഴിമതിക്ക് കളമൊരുക്കിയിരിക്കുന്നു.

10. പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും ചെയ്യുന്ന പ്രവൃത്തികൾക്ക് എൻ.ആർ.ഇ.ജി.യിലും എസ്റ്റിമേറ്റ് തയ്യാറാക്കി തട്ടിപ്പു നടത്തുന്നതായി സംശയിക്കുന്നു. ഇതിന് കൂടുതൽ അന്വേഷണം വേണ്ടി വരും

11. 20.02.2009 ന് ലഭിച്ച ക്വട്ടേഷനിലെ വിവരങ്ങൾ 18.02.2009 ന് തന്നെ പർച്ചേസ് കമ്മിറ്റി അംഗീകരിച്ചതും 29.03.2009 ന്റെ റെയഡ്കോ യുടെ ബിൽ 28.03.2009 ന് തന്നെ പഞ്ചായത്തു സെക്രട്ടറിക്ക് ലഭിച്ചതും അതിശയാവഹവും ദുരൂഹത നിറഞ്ഞതുമാണ്.

**ശുപാർശകൾ**

1. ഭരണാനുമതിയും സാങ്കേതികാനുമതിയും ഇല്ലാതെ സാധനസാമഗ്രികൾ വാങ്ങാൻ തീരുമാനിക്കുക, കമ്മിറ്റികളുടെ മിനിറ്റ്സ് വ്യാജമായി തയ്യാറാക്കുക. കരാറുകാരനെ മുൻകൂട്ടി തീരുമാനിച്ചശേഷം ഒരു പ്രഹസനമായി പത്രപരസ്യം നൽകുക, പണാപഹരണം നടത്തുക, ആവശ്യമില്ലാതെ സാധനങ്ങൾ വാങ്ങി കൂട്ടിയതായി രേഖയുണ്ടാക്കുക, അർഹമായതിലും കൂടുതൽ തുക കരാറുകാർക്ക് നൽകി അവരുമായി ചേർന്ന് പണാപഹരണം നടത്തുക, തുടങ്ങി കണ്ടെത്തലുകളിൽ 1 മുതൽ 11 വരെയുള്ള എല്ലാ ക്രമക്കേടുകൾക്കും ഉത്തരവാദികളായ കോട്ടത്തറ ഗ്രാമപഞ്ചായത്തു മുൻപ്രസിഡന്റ് ശ്രീമതി. പി.ടി. ലീല, ഗ്രാമപഞ്ചായത്തു സെക്രട്ടറിയായിരുന്ന ശ്രീ.പി. ഇബ്രാഹിം, ഗ്രാമപഞ്ചായത്തു വൈസ് പ്രസിഡന്റ് ശ്രീ. മധു. എസ്. നമ്പൂതിരി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. എം.മധു എന്നിവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ഇവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2. പഞ്ചായത്തു ഭരണസമിതിയുടെ നിർദ്ദേശ പ്രകാരം ആണെന്ന്; രേഖാമൂലമല്ലാതെ; വാദിക്കുന്നെണ്ടങ്കിലും വ്യാജ എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും, അളവെടുക്കാതെ സാധനങ്ങളുടെ വില നൽകുന്നതിന് ഒത്താശ ചെയ്യുകയും പ്ലാൻ ഫണ്ടിലെ പണികൾ എൻ.ആർ.ഇ.ജി. പണിയായി ചിത്രീകരിക്കുകയും എം.ബുക്കിൽ വ്യാജ അളവുകൾ രേഖപ്പെടുത്തുകയും ചെയ്ത അക്രഡിറ്റഡ് ഓവർസിയർമാരെ നോട്ടീസ് നൽകി സേവനം അവസാനിപ്പിക്കുകയും പ്രോസിക്യൂഷൻ നടപടിക്ക് വിധേയമാക്കുകയും ചെയ്യണം.
3. വ്യാജമസ്റ്റർ റോൾ തയ്യാറാക്കുന്നതിന് സഹായിക്കുകയും, മസ്റ്റർറോളിൽ ഒപ്പിടാത്ത ആളുടെ പേരിൽ പോലും ഡേറ്റാ എൻട്രി നടത്തി വേതനം നൽകി പണാഹരണത്തിന് കൂട്ടുനിന്ന എൻ.ആർ.ഇ.ജി.ഇ. അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കേണ്ടതാണ്.
4. പർച്ചേസ് ക്മ്മിറ്റിയുടെ വ്യാജ മിനിറ്റ്സ് ഉണ്ടാക്കുന്നതിന് കൂട്ടുനിന്ന ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ.കെ. പോൾ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.പോൾ വർഗ്ഗീസ്, അക്രഡിറ്റഡ് ഓവർസിയർ ശ്രീ.ജോബിൻ ബർണാഡ് എന്നിവർക്കെതിരെ വ്യാജരേഖയുണ്ടാക്കി പണാപഹരണത്തിനും അഴിമതിക്കും കൂട്ടുനിന്നതിന് കേസെടുത്ത് അന്വേഷണം നടത്തേണ്ടതാണ്.
5. പഞ്ചായത്ത് പ്ലാൻ ഫണ്ടുപയോഗിച്ച് ചെയ്ത പ്രവൃത്തികൾ എൻ.ആർ.ഇ.ജി.എയിലും ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമായി കണ്ടെത്തുന്നതിന് 2008-2009, 2009-2010 കാലത്ത് കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ നടന്ന എല്ലാ മരാമത്ത് പ്രവൃത്തികളും (എൻ.ആർ.ഇ.ജി.എയും പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടും മറ്റു ഫണ്ടുകളും ഉപയോഗിച്ചു നടത്തിയ മൊത്തം പ്രവൃത്തികളും അന്വേഷിക്കുന്നതിനും അതിലൂടെ

[illegible] ഉണ്ടായിരുന്നു. എന്നാൽ ഇക്കാര്യങ്ങൾ അന്വേഷിക്കുന്നതിനോ ക്രമക്കേടുകൾ തടയുന്നതിനോ യാതൊരു നടപടിയും ബ്ളോക്ക് പ്രോഗ്രാം ഓഫീസറുടെ ഭാഗത്തു നിന്നും ഉണ്ടായതായി കാണുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ **മേൽനോട്ട** വീഴ്ചവരുത്തിയ ബ്ളോക്ക് പ്രോഗ്രാം ഓഫീസർ, **ജോയിന്റ്** ബ്ളോക്ക് പ്രോഗ്രാം ഓഫീസർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്.


**D.S.SREEKANTAN NAIR**
Programme Officer (Finance)
NREG Cell,
Commissionarete of Rural Development
Vikas Bhavan.PO.,Thiruvananthapuram-33


സെക്ഷൻ ഓഫീസർ